എയ്ഡഡ് സ്കൂളുകളിലെ പ്ലസ് ടു ബാച്ചുകളിലെ അദ്ധ്യാപക നിയമനം

61 (1116) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് മേഖലയിൽ അനുവദിച്ച പ്ലസ് ടു ബാച്ചുകളിലേക്ക് മാനേജ്മെന്റുകൾ സ്ഥിരമായും ഗസ്റ്റ് ആയും അദ്ധ്യാപക നിയമനം നടത്തുന്നതിന് കോഴ വാങ്ങിയിട്ടുള്ളതായി അറിയാമോ ;

(ബി) 2014-ൽ എയ്ഡഡ് മേഖലയിൽ പ്ലസ് ടു അധ്യാപകരുടെ ഒഴിവുകളിലേക്ക് നടത്തപ്പെട്ട താൽക്കാലികമോ സ്ഥിരമോ ആയിട്ടുള്ള നിയമനങ്ങൾ എത്രയായിരുന്നു ;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് മാനേജ്മെന്റുകൾ നിയമനം നടത്തിയത് കോഴ വാങ്ങിക്കൊണ്ടാണെന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ എത്ര മാനേജ്മെന്റുകൾക്കെതിരെ നടപടി സ്വീകരിച്ചു ;

(ഡി) യാതൊരു കോഴയും വാങ്ങാതെയാണ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ നിയമനം നടത്തിയിട്ടുള്ളതെന്ന് അറിവുണ്ടോ ;

(ഇ) പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു കിട്ടുന്നതിന് മാനേജ്മെന്റുകൾ കോഴ നൽകിയിട്ടുള്ളതായുള്ള ആക്ഷേപങ്ങൾ അന്വേഷണവിധേയമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2014-ൽ സംസ്ഥാനത്ത് എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരുടെ 437 സ്ഥിര നിയമനങ്ങളും 37 താൽക്കാലിക നിയമനങ്ങളും നടത്തിയിട്ടുണ്ട്. 2014-15 അദ്ധ്യായന വർഷത്തിൽ അനുവദിച്ച പുതിയ സ്കൂളുകളിൽ/ അധിക ബാച്ചുകളിൽ നിയമിക്കപ്പെട്ട ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി-ഇ) അദ്ധ്യാപക നിയമനത്തിനോ പുതിയ സ്കൂളുകൾ/ബാച്ചുകൾ അനുവദിക്കുന്നതിനോ കോഴ വാങ്ങിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly